# ഒരു കൽപ്പിട്ടിയാത്ര

അഹമ്മദ് പി.പി.

ഹസീനയും, ഷമീനയും, റഹ്മത്തും ഇവർ ഇണ പിരിയാത്ത കൂട്ടുകാരികളും അയൽ വാസികളുമായിരുന്നു. അവരുടെ ജന്മനാടായ അഗത്തിയിലെ പണ്ടാരമണലിലിരുന്ന് പല പല കളി തമാശകൾ പറഞ്ഞു കൊണ്ടിരിക്കുമ്പോൾ അവരുടെ നാടിന്റെ തെക്ക് കിടക്കുന്ന കൽപ്പിട്ടി റഹ്മത്തിന്റെ ശ്രദ്ധയിൽപെട്ടത്. നിങ്ങൾ രണ്ടു പേരും കൽപ്പിട്ടികണ്ടിട്ടുണ്ടോന്ന് ഹസീനയോടും ഷമീനയോടുമായി റഹ്മത്ത് ചോദിച്ചു. അപ്പോൾ ഹസീന പറഞ്ഞു ഞാൻ ചെറുപ്പത്തിൽ എന്റെ ബാപ്പയോടൊത്ത് പോയത് ഓർമ്മയുണ്ട്. ഇതെല്ലാം കേട്ടുകൊണ്ടിരുന്ന ഷമീന പറഞ്ഞു നമുക്ക് ഒരിക്കൽ കൽപ്പിട്ടി കാണാൻ പോകണം.

അങ്ങനെ നാളുകളും ആഴ്ചകളും, പിന്നിട്ടുകൊണ്ടിരുന്നു കബടി പതത്തിന്റെ ദിവസം അവരുടെ നാട്ടിലെ സ്ത്രീകളിൽ മിക്കവരും ടില്ലറിലും, ബോട്ടിലും, കാൽനടയാലും കബടി എടുക്കാൻ നടന്നുപോകുന്ന കാഴ്ച മുറ്റത്തെ തണലിലിരുന്ന് പഠിച്ചുകൊണ്ടിരുന്ന ഷമീനയുടെ ശ്രദ്ധയിൽപ്പെട്ടു. അന്ന് ഞാൻ കൂട്ടുകാരികളോട് പറഞ്ഞത് അവർ മറന്ന് കാണും. അപ്പോൾ തന്നെ പുസ്തകം മടക്കിവെച്ചിട്ട് റഹ്മത്തിന്റെ വീട്ടിലേക്കോടി. അപ്പോഴത്തേക്ക് ഭാഗ്യവശാൽ എന്തോ പുസ്തകം വാങ്ങിക്കാൻ വന്ന ഹസീനയും ഉണ്ടായിരുന്നു. ഞാൻ പറഞ്ഞകാര്യം നിങ്ങൾ ഇത്രവേഗം മറന്ന്പോയോ? കാര്യം മനസിലാകാതെ അന്ധാളിച്ച് നിന്ന ഹസീന പറഞ്ഞു നീ എന്താണ് പറയുന്നതെന്ന് ഒന്ന് വ്യക്തമാക്കി പറയൂ. ദേഷ്യത്തോടും സങ്കടത്തോടും കൂടി ഷമീന പറഞ്ഞു. കൽപ്പിട്ടിക്ക് പോകുന്ന കാര്യം

അങ്ങനെ അവർ ഇരുന്ന് പല തമാശകളും പറഞ്ഞ് സമയം പോയതറിഞ്ഞില്ല. എന്നാൽ നാളെ വെള്ളിയാഴ്ചയല്ലെ കൽപ്പിട്ടി കാണാൻ പോകാം എന്ന് പറഞ്ഞ് അവരവരുടെ വീടുകളിലേക്ക് പിരിഞ്ഞു. വീട്ടിലെത്തിയ ഷമീനയോട് ഉമ്മ ചോദിച്ചു. 'അന്തി ഇരുണ്ടങ്ങും ഫോണ്ട നീ ഇത്രബരെ എബിടെളിയാർന്നു' ഹസീനയുടെ വീട്ടിലേക്ക് പോയതാണുമ്മാ ഞാനും റഹ്മത്തും ഹസീനയും നാളെ കൽപ്പിട്ടി കാണാൻ പോകാൻ തീരുമാനിച്ചു ഇത് കേട്ട് കടന്നുവന്ന അവളുടെ ബാപ്പാ 'കൽപ്പിട്ടിക്ക് പോയാലും ബംഗാരത്തേക്ക് പോയാലും ഒന്നുമില്ലാ ഒരു കാര്യമുണ്ട്. അന്തി കുട്ക്ക്ങ്ങാന്ട്ട് മൂന്നെ കുടീയിന ഉള്ളക്ക് മന്ന് കടക്കണം' പെൺകുട്ടികളെന്ന ഓർമ്മ എപ്പോഴും മനസ്സിലുണ്ടായിരിക്കണം. അവർ 3 പേരും അവരവരുടെ വീട്ടിൽ കൽപ്പിട്ടി സ്വപ്നം കണ്ട്കൊണ്ട് ഉറങ്ങി. അന്ന് സുബ്ഹ്ബാങ്കോട് നമസ്ക്കരിക്കാൻ എഴുന്നേറ്റ ഉമ്മയോടൊപ്പം തന്നെ റഹ്മത്തും എഴുന്നേറ്റു അപ്പോഴത്തേക്കും അവളുടെ മനസിൽ കൽപ്പിട്ടി നിറഞ്ഞുനിന്നിരുന്നു. ഉമ്മയോടൊപ്പം തന്നെ ഒള് എടുത്ത് നമസ്ക്കാരപായയിൽ കയറി അവളും നമസ്കരിച്ചു. അത് കഴിഞ്ഞ് അവർ പഠിക്കാനുള്ള മേശയുടെ അടുത്ത് ഇരുന്നു പിറ്റേന്നക്ക് ചെയ്യാനുള്ള ഹോം വർക്ക് ചെയ്ത് വെച്ചിട്ട് അവരുടെ സോഷ്യൽ മാഷ് വായിച്ചു കൊണ്ടുവരാൻ പറഞ്ഞിരുന്ന രണ്ടാം ലോക മഹായുദ്ധത്തെക്കുറിച്ചുള്ള ഭാഗം വായിക്കാൻ തുടങ്ങിയപ്പോഴേക്കും ഉമ്മയുടെ വിളികേട്ടു 'മോളെ റഹ്മത്തെ' ഇന്നാത്തോളിക രണ്ടാളും മന്ന ഇയല്ലെ ഇപ്പുറത്ത് നിന്നിന' ഇത് കേൾക്കേണ്ടതാമസം റഹ്മത്ത് ഓടി വന്ന് അവരെ സ്വീകരിച്ച് അവളുടെ റൂമിലേക്ക് കൂട്ടികൊണ്ട്പോയി. അവർ കൽപ്പിട്ടിയെകുറിച്ചുള്ള സംഭാഷണം തുടങ്ങി നമ്മൾ രണ്ട് മണിയോടു കൂടി പുറപ്പെടണം. അപ്പോഴേക്കും റഹ്മത്തിന്റെ ഇത്താ ഇവർ 3 പേർക്കും ചായയും കടിയും കൊണ്ടു വന്നു. ചായ കുടികുന്നതിനിടയിൽ ഹസീന ചോദിച്ചു നമ്മൾ തിന്നാൻ എന്തെങ്കിലും കൊണ്ട് പോകണ്ടേ? ഞാൻ എല്ലാം സഹിക്കും പക്ഷെ വിശപ്പ് സഹിക്കാൻ എന്നെ കൊണ്ടാവില്ലാ എന്നാൽ പിന്നെ ഒരുപോലെ രൂപ എടുത്ത് നമ്മുടെ സ്ക്കൂളിന്റെ അടുത്തുള്ള പീടികയിൽ നിന്നും എന്തെങ്കിലും വാങ്ങിക്കാം എന്നു പറഞ്ഞു കൊണ്ട് ഹസീനയും ഷമീനയും പോയി. പോകുന്നതിനു മുമ്പ് തന്നെ ഷമീന പറഞ്ഞു നിങ്ങൾ 2 പേരും എന്റെ വീട്ടിലേക്ക് 2 മണി ആവുന്നതിനുമുമ്പേ വരണം അവിടെ നിന്നും നമ്മൾ മൂന്നുപേരും ഒരുമിച്ച് പോവാമല്ലോ.

അങ്ങനെ സെക്കന്റുകൾ മിനിറ്റുകളായും, മിനിറ്റുകൾ മണിക്കൂറുകളായും കടന്നുപോയി രണ്ട് മണി ആവുമ്പോഴത്തേക്ക് റഹ്മത്തും, ഹസീനയും ഷമീനയുടെ വീട്ടിലെത്തിയിരുന്നു അവർ 3 പേരും പല നാട്ടു വർത്തമാനവും പറഞ്ഞ് കൽപ്പിട്ടിയിലേക്ക് യാത്രയായി. അവർ സ്ക്കൂളിന്റെ അടുത്തെത്തിയപ്പോൾ തുറന്നു കിടന്നിരുന്ന പീടികയിലേക്ക്

തിന്നാനുള്ള സാധാനം വാങ്ങിക്കാൻ കയറിയപ്പോഴത്തേക്കും ഹസീനയുടെ കാമുകൻ റഷീദ് വരുന്നത് കണ്ടു. അല്ല –മയിന്റെത് ആരാണ് ഒന്ന് നോക്കിയെക്ക് റഹ്മത്തിന്റെ കമന്റ് കേട്ട് തിരിഞ്ഞുനോക്കിയ ഹസീന കണ്ടത് ചിരിച്ചുകൊണ്ട് വരുന്ന റഷീദിനെയാണ് അവർ ആവശ്യമുള്ള സാധനങ്ങളും വാങ്ങി വീണ്ടും യാത്രയായി.

അങ്ങനെ നടന്നു ഏകദേശം രണ്ടാം പള്ളി എന്നു നാട്ടുകാർ വിളിക്കുന്ന പള്ളിയുടെ അടുത്ത് എത്തുമ്പോഴത്തേക്കും ഹസീനയുടെ അയൽവാസിയായ മൂസക്കാക്കാ മീരക്ക് വേണ്ടി കട്ടം ഏറുന്നതാണ് കണ്ടത് ഇത് കണ്ട കുട്ടികളുടെ വായിൽ വെള്ളമൂറി അവർ ഹസീനയോട് പറഞ്ഞു നിങ്ങളുടെ വീട്ടുകാർക്ക് പരിചയമുള്ള ആളല്ലെ നമുക്കൊന്നു ചോദിച്ചുനോക്കാം. തരാതിരിക്കില്ല. എന്നു പറഞ്ഞ് മൂസക്കാക്കയുടെ അടുത്തേക്ക് പുഞ്ചിരിച്ചു കൊണ്ട് നടന്നു മൂസക്കാക്ക അവർക്ക് ഓരോ ഗ്ലാസ് മീരാ വീതം കൊടുത്തു. മീര കുടിച്ചു കഴിഞ്ഞപ്പോൾ അവർ മൂവരും ഒരെസ്വരത്തിൽ പറഞ്ഞു സർവ്വശക്തനായ അള്ളാഹു നിങ്ങളുടെ എല്ലാ മുറാദുകളും ഹാസിലാക്കട്ടെ ആമീൻ.

'അന്ന മക്കഫിന്ന നടവാഞ്ഞി' എന്ന് പറഞ്ഞു കൊണ്ട് അദ്ദേഹം അവരെ യാത്രയാക്കി അരമണിക്കൂറിലോളം നടന്ന് കഴിഞ്ഞപ്പോൾ അഗത്തിയിലെ എയർപ്പോട്ട് നിർമ്മാണത്തിനു വേണ്ടി അവിടെയുണ്ടായിരുന്ന കണ്ണി, താമര, പുന്ന, പാട്ടി, ശീരാണി, തെങ്ങ് മുതലായ മരങ്ങൾ എല്ലാം വെട്ടി തെളിച്ച് ഒരു മരുഭൂമി പോലെ കിടക്കുന്നതാണ് കണ്ടത്. കൂലി പണിക്കാർ പല പല എൻജിനുമുപയോഗിച്ച് കൊണ്ട് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിരുന്നു.

അവർ 3 പേരും പിന്നീട് കടൽത്തീരത്ത് കൂടി നടക്കാൻ തുടങ്ങി. മൂന്നരയോട് കൂടി അവർ അഗത്തിയുടെ അറ്റത്തെത്തിയിരുന്നു അപ്പഴത്തേക്കും സമയം പതനോടടുത്തിരുന്നു. അഗത്തിക്കും കൽപ്പിട്ടിക്കുമിടയിലുള്ള ഞങ്ങളുടെ ഭാഷയിൽ അണ്ടക്കിട എന്നു പറയുന്ന കുറച്ചു ആഴമുള്ള കടൽ കടന്ന് വേണം കൽപ്പിട്ടി എത്താൻ അവർ സൂക്ഷ്മതയോടുകൂടി കടലിലേക്കിറങ്ങി നടുഭാഗമെത്തുമ്പോഴക്കം ഒരു മലഞ്ഞി റഹ്മത്തിന്റെ കാലിന്റെ അടുത്തെത്തികഴിഞ്ഞിരുന്നു. മേലാപ്പാറ്റിലേക്ക് കബടി എടുക്കാൻ വേണ്ടി അവരൊടൊപ്പം കടലിലേക്കിറങ്ങിയ ഒരു സ്ത്രീ ഈ കാഴ്ചകണ്ട് നിലവിളിച്ചു. ഒരു മലഞ്ഞി... മലഞ്ഞി ഇത് കേട്ട് പേടിച്ച് തിരിഞ്ഞു നോക്കിയ റഹ്മത്ത് സർവ്വശക്തിയുമെടുത്ത് ഓടാൻ തുടങ്ങിയപ്പോൾ അവളുടെ കാലിൽനിന്നും ഒരു ചെരിപ്പ് വെള്ളത്തിലെ ചെറിയതിരയിൽപ്പെട്ട് ഒഴുകാൻ തുടങ്ങി മിടുക്കിയായ ഷമീന ഓടിചെന്ന് ചെരിപ്പെടുത്ത് റഹ്മത്തിന്റെ കൈയ്യിൽ കൊടുത്തു. അങ്ങിനെ ഒരു വിധത്തിൽ കൽപ്പിട്ടിയിലെത്തി. പച്ച വിരിച്ചത്പോലെ നിൽക്കുന്ന ആ ചെറിയ ദ്വീപിലേക്ക് ഇമവെട്ടാതെ നോക്കികൊണ്ട് ആ കൂട്ടുകാരികൾ നിന്നു എങ്ങും നിശബ്ദതമാത്രം. അങ്ങ് കരയിലേക്ക് ചീറിച്ചുകൊണ്ട് പാഞ്ഞെത്തുന്ന തിരകളുടെ ശബ്ദം അവിടെ മാറ്റൊലി കൊണ്ടു.

ആ ദ്വീപിന്റെ 4 വശവും കല്ലുകൾ കൊണ്ട് നിറഞ്ഞിരുന്നു. അങ്ങനെയാണ് ഈ ദ്വീപിനെ 'കൽപ്പിട്ടി' എന്നു വിളിക്കുന്നത് അവർ 3 പേരും കാലിലേക്ക് കല്ല് തട്ടാത്ത വിധത്തിൽ ശ്രദ്ധാപൂർവ്വം നടക്കാൻ തുടങ്ങി കൽപ്പിട്ടിയുടെ കിഴക്കെ ഭാഗത്തായി നില്ക്കുന്ന ബുദ്ധന്റെ പ്രതിമയുടെ അടുത്തെത്തി. അവിടെ കുറച്ചു സമയം തങ്ങി കൈയ്യിലുള്ള പലഹാരം കഴിച്ചു വിശപ്പടക്കിയതിനു ശേഷം വീണ്ടും അവർ കടൽ തീരത്തേക്കിറങ്ങി കുറച്ചു നടന്നപ്പേഴേക്കും പാറയുടെ കൂട്ടങ്ങൾ കണ്ടു. ആ പാറകൂട്ടങ്ങളിൽ ഉയർന്നു നിന്നിരുന്ന പാറ ഹസീന ശ്രദ്ധിച്ചു അവളുടെ ബാപ്പാ ആ പാറയെകുറിച്ച് പറഞ്ഞു കൊടുത്ത കഥ അവൾ കൂട്ടുകാരികൾക്ക് പറയാൻ തുടങ്ങി.

പണ്ട് ഇന്ത്യാഭരിച്ചിരുന്ന വെള്ളക്കാരുടെ ആക്രമണം ദ്വീപുകളിലും ഉണ്ടായിരുന്നു. ഇവിടത്തെ ജനങ്ങളെ ഭീഷണിപ്പെടുത്തി സ്വത്തുകൾ കവർന്നെടുക്കുകയും സ്ത്രീകളെ അക്രമിക്കുകയും ചെയ്തു കൊണ്ടിരുന്നു. ലക്ഷ ദ്വീപിന്റെ പടിഞ്ഞാറു സ്ഥിതിചെയ്യുന്ന അഗത്തിയിലേക്കും വെള്ളക്കാരുടെ ശല്യം മുൻകൂട്ടി ഉണ്ടാവുമെന്നു മനസ്സിലാക്കിയ തങ്ങുക്കോയാ തന്റെ ഭാര്യ ബീക്കുഞ്ഞിയോട് നാടുവിടാൻ എവിടെയെങ്കിലും പോയി ഒളിക്കാൻ പറഞ്ഞു ഭയന്നു വിറച്ച് ബീകുഞ്ഞി വിശപ്പടക്കാൻ വേണ്ട സാധനങ്ങളുമായി കൽപ്പിട്ടിയെ ലക്ഷ്യമാക്കി നടന്നു ഏകാകിനിയായ ആ സ്ത്രീ വന്ന് പാറക്കൂട്ടങ്ങളുടെ ഇടയിലുള്ള ആ വലിയ ഗുഹ പോലുള്ള പാറയുടെ അടിഭാഗത്തു അഭയം പ്രാപിച്ചു. തന്റെ പ്രാണേശ്വരനായ ഭർത്താവ് തങ്ങകോയാക്കു വേണ്ടി മനം നൊന്ത് ആ സ്ത്രീ ഏകം ഇലാഹിനോട് പ്രാർത്ഥിച്ചു അവരുടെ നിഷ്കളങ്കമായ ആ പ്രാർത്ഥന പടച്ചോൻ കേൾക്കാതിരുന്നില്ല. കുറച്ചു മാസം കഴിയുമ്പോഴത്തേക്കും അവരുടെ ഭർത്താവ് തങ്ങക്കോയ അവരുടെ പ്രാണരക്ഷക്കായി എത്തിക്കഴിഞ്ഞിരുന്നു. എല്ലാ മറന്ന് അവൾ ഭർത്താവിനെ ആലിംഗനം ചെയ്തു. അങ്ങിനെയാണ് ആ പാറ ഇന്നും ബീക്കുഞ്ഞിപാറ എന്ന പേരിൽ അറിയപ്പെടുന്നത്. കഥ പറഞ്ഞു കഴിഞ്ഞ ഹസീന ഈറനണിഞ്ഞ കണ്ണുകളോടെ കൂട്ടുകാരികളെ നോക്കി. അപ്പോഴത്തേക്കും സൂര്യൻ അസ്തമിക്കാൻ വെമ്പൽകൊള്ളുന്നു. അവർ 3 പേരും ധൃതിയിൽ അഗത്തിയെ ലക്ഷ്യമാക്കി നടന്നു. ബാങ്ക് വിളിയോടു കൂടി തന്നെ അവർ അവരുടെ വീട്ടിലെത്തി ●